## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3324** **11-03-2025 - ൽ മറുപടിയ്ക്ക്**

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (എ) | കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ കണക്ക് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവരെല്ലാം തൊഴിൽരഹിതരാകണമെന്നില്ല. സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി 2025 ഫെബ്രുവരി 28 വരെ ആകെ **23,75,342** ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1 ആയി നൽകുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ജോലി ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം (2021 ജൂൺ മുതൽ 2024 നവംബർ വരെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആകെ **46,571** നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം 2 ആയി നൽകുന്നു. |
| (സി) | നിശ്ചിതകാലാവധി കഴിയുമ്പോൾ ഏകീകൃത സീനിയോറിറ്റി ലിസ്റ്റ് പുതുക്കി ഓൺലൈനായി എല്ലാവർക്കും പരിശോധിക്കാൻ കഴിയുന്ന വിധത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തലത്തിൽ ആണ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത്. വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നുണ്ട്. നിശ്ചിത പ്രായപരിധിയിൽ മതിയായ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത കാലാവധി വരെ സീനിയോറിറ്റി ഉള്ളവരെയാണ് സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപ്പെടുത്തുന്നത്. സീനിയോറിറ്റി ലിസ്റ്റിന്റെ കാലാവധി 3 വർഷമാണ്. ഓരോ 3 വർഷം കഴിയുമ്പോഴും സീനിയോറിറ്റി ലിസ്റ്റ് പുതുക്കി നാഷണൽ എംപ്ലോയ്മെന്റ്സർവ്വീസ് (കേരളം) വകുപ്പിന്റെ വെബ്സൈറ്റിൽ (www.eemployment.kerala.gov.in) പ്രസിദ്ധീകരിക്കാറുണ്ട്. 2024-26 വർഷത്തേക്കുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിൽ വകുപ്പിന്റെ |

| | | | |
|---|---|---|---|
| | | | വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ വർഷത്തിൽ 2 പ്രാവശ്യം (ജനുവരി, ജൂൺ മാസങ്ങളിൽ) സീനിയോറിറ്റി ലിസ്റ്റ് റിവ്യൂ നടത്തി അർഹരായവരെ ഉൾപ്പെടുത്താറുണ്ട്. ആയത് ഉദ്യോഗാർത്ഥികൾക്ക് പരിശോധിക്കാവുന്നതുമാണ് |
| (ഡി) | വിവിധ വകുപ്പുകളിൽ നടക്കുന്ന താത്കാലിക,കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയാണെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അത് ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (ഡി) | 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാൻഡിൽ പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ പി എസ് സി -യുടെ പരിധിക്കു പുറത്തു വരുന്ന എല്ലാ നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിർബന്ധമായും അറിയിച്ച് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. മേൽസ്ഥാപനങ്ങളിലെ പി എസ് സി -യുടെ പരിധിയിൽ വരാത്ത ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിയമനം നടത്തണമെന്നും, ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന വകുപ്പ് മേധാവികൾക്കും/ തലവന്മാർക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും എല്ലാ വകുപ്പ് മേധാവികൾക്കും കർശന നിർദ്ദേശം നൽകി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | എംപ്ലായ്മെൻറ് എക്സ്ചേഞ്ച് ലിസ്റ്റുകൾ നിലവിലുള്ളപ്പോൾ ആയത് മറികടന്ന് ഏതെല്ലാം വകുപ്പുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന വിവരം ജില്ല തിരിച്ചും വകുപ്പ് തിരിച്ചും നൽകുമോ; | (ഇ) | വ്യക്തികൾ/സംഘടനകൾ മുഖേന നൽകുന്ന പരാതികളിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപനപരിശോധനകളിലും കരാർ നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ, കരാർ നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ കൃത്യമായ സമയങ്ങളിൽ സ്വീകരിക്കാറുമുണ്ട്. |
| (എഫ്) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ലിസ്റ്റുകൾ നിലവിലുള്ളപ്പോൾ പ്രസ്തുത ലിസ്റ്റുകൾ മറികടന്ന് താൽക്കാലിക, കരാർ നിയമനങ്ങൾ പാടില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ /സർക്കുലറിന്റെ പകർപ്പ് നൽകുമോ; പ്രസ്തുത നിർദ്ദേശം പാലിക്കാതെ താൽക്കാലിക, കരാർ നിയമനങ്ങൾ നടത്തിയ വകുപ്പ് മേധാവിമാർ ആരെല്ലാമാണെന്നും | (എഫ്) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ലിസ്റ്റുകൾ നിലവിലുള്ളപ്പോൾ പ്രസ്തുത ലിസ്റ്റുകൾ മറികടന്നു താത്കാലിക, കരാർ നിയമനങ്ങൾ പാടില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഇതോടൊപ്പം **അനുബന്ധം 3 ആയി** ചേർക്കുന്നു. വ്യക്തികൾ/സംഘടനകൾ മുഖേന നൽകുന്ന പരാതികളിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് |

| | | | |
|---|---|---|---|
| | അവർക്കെതിരെ സ്വീകരിച്ച നടപടി എന്തെന്നും അറിയിക്കുമോ? | | എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപനപരിശോധനകളിലും കരാർ നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ, കരാർ നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ കൃത്യമായ സമയങ്ങളിൽ സ്വീകരിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| ജില്ലകൾ | രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 386549 |
| കൊല്ലം | 269692 |
| ആലപ്പുഴ | 192082 |
| പത്തനംതിട്ട | 87707 |
| കോട്ടയം | 133920 |
| ഇടുക്കി | 74227 |
| എറണാകുളം | 223382 |
| തൃശ്ശൂർ | 175925 |
| പാലക്കാട് | 163342 |
| മലപ്പുറം | 179017 |
| കോഴിക്കോട് | 241101 |
| വയനാട് | 62674 |
| കണ്ണൂർ | 122046 |
| കാസർഗോഡ് | 63678 |
| **ആകെ** | **2375342** |

Kavitha I

സെക്ഷൻ ഓഫീസർ

## അനുബന്ധം-2

| ക്രമ നമ്പർ | ജില്ല | നിയമനങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | 6333 |
| 2 | കൊല്ലം | 3003 |
| 3 | ആലപ്പുഴ | 4045 |
| 4 | പത്തനംതിട്ട | 1591 |
| 5 | കോട്ടയം | 2885 |
| 6 | ഇടുക്കി | 1531 |
| 7 | എറണാകുളം | 7697 |
| 8 | തൃശ്ശൂർ | 3093 |
| 9 | പാലക്കാട് | 3124 |
| 10 | മലപ്പുറം | 2713 |
| 11 | കോഴിക്കോട് | 4970 |
| 12 | വയനാട് | 1240 |
| 13 | കണ്ണൂർ | 2569 |
| 14 | കാസർകോട് | 1777 |
| | ആകെ | 46571 |

Kavitha I
സെക്ഷൻ ഓഫീസർ

അനുബന്ധം 3



65475/2020/TAPAL DE

File No.LBRD-G2/1/2019-LBRD

3370243(27)/2019/(G) LBRD

"ഭരണഭാഷ - മാതൃഭാഷ"

കേരള സർക്കാർ

നം. LBRD-G2/1/2019-LBRD

തൊഴിലും നൈപുണ്യവും (ജി)വകുപ്പ്
തിരുവനന്തപുരം.

തീയതി: 24/03/2019

## സർക്കുലർ

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ്-സർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തുന്നത് -നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

സൂചന:- 1. 05/02/2014 ലെ 25941/G2/2013/LBR നമ്പർ സർക്കുലർ
2. 26/12/2016 ലെ 1046913/G2/2016/തൊഴിൽ നമ്പർ കത്ത്

പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്ന് സൂചനയിലെ സർക്കുലറും കത്തും മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിരുന്നു. ഇപ്പോൾ സർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തണമെന്ന് കേരള നിയമ സഭയുടെ യുവജന ക്ഷേമവും യുവജനകാര്യവും സംബന്ധിച്ച് സമിതി അഭിപ്രായപ്പെടുകയും ചെയ്തിരിക്കുന്നു.

ഈ സാഹചര്യത്തിൽ പി.എസ്.സി നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങളും സർക്കാർ സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തന്നെ നടത്തേണ്ടതാണെന്ന് ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു.

Dr.ആഷ തോമസ് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ് :ധനകാര്യം, നിയമം ഉൾപ്പെടെ എല്ലാ ഭരണ വകുപ്പുകൾക്കും (അതത് വകുപ്പ് തലവൻമാർക്കും വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും അടിയന്തിര നിർദ്ദേശം നൽകുന്നതിനായി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

Scanned with CamScanner

Kavitha I
സെക്ഷൻ ഓഫീസർ